# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 6540 — 11/07/2012 - ൽ മറുപടിയ്ക്ക്

## തടവുകാരുടെ പരോൾ വ്യവസ്ഥകളിൽ ഭേദഗതി

ചോദ്യം

ശ്രീ. സി. കൃഷ്ണൻ
ശ്രീ. ആർ. രാജേഷ്
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീമതി. കെ.എസ്.സലീഖ

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ജയിലുകളിൽ കഴിയുന്ന തടവുകാർക്ക് പരോൾ അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) ഉണ്ട് ; വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. നിലവിൽ ഒരു സാധാരണ അവധി (30 ദിവസം) അനുവദിച്ച് കഴിഞ്ഞാൽ തടവുകാരൻ ജയിലിൽ കയറി 6 മാസം പൂർത്തിയാകുന്ന മുറയ്ക്കാണ് അടുത്ത സാധാരണ അവധി (30 ദിവസം) അനുവദിക്കുന്നത്. ഇതനുസരിച്ച് ഒരു തടവുകാരൻ രണ്ട് സാധാരണ അവധി അനുവദിച്ച് കഴിയുമ്പോൾ 14 മാസം പൂർത്തിയാകും. മാറ്റം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകളനുസരിച്ച് തടവുകാർക്ക് ഒരു കലണ്ടർ വർഷം 60 ദിവസത്തെ സാധാരണ അവധിക്ക് അർഹതയുണ്ടായിരിക്കും. ഇത് ഒരു അർദ്ധ വർഷത്തിൽ അനുവദിക്കാവുന്നത് പരമാവധി 30 ദിവസമായും, ഒരു ത്രൈമാസത്തിൽ 15 ദിവസമായും പരമാവധി നാല് പ്രാവശ്യമായി 60 ദിവസത്തെ അവധി എടുക്കുന്നതിന് നിജപ്പെടുത്തിയിരിക്കുന്നു. തടവുകാരുടെ ഇംഗിതമനുസരിച്ച് എപ്പോഴും മേൽപ്പറഞ്ഞ നിബന്ധനയിൽ പരോളിന് പോകാവുന്നതാണ്. വീട്ടിൽ എന്തെങ്കിലും അടിയന്തിര സാഹചര്യമുണ്ടാകുമ്പോൾ പരോളിന് |

| | |
|---|---|
| | പുറത്തിറങ്ങുന്നതിന് തടവുകാർക്ക് സഹായകമാകും. ഇപ്പോൾ സാധാരണ അവധികൾ അനുവദിക്കുന്നത് വകുപ്പദ്ധ്യക്ഷനാണ്. വകുപ്പദ്ധ്യക്ഷൻ ആദ്യ തവണ സാധാരണ അവധി അനുവദിക്കുന്നതിനും പിന്നീടുള്ള അവധികൾ സൂപ്രണ്ടിന് തന്നെ അനുവദിക്കുന്നതിനും ചട്ടങ്ങളിൽ മാറ്റം നിർദ്ദേശിച്ചിട്ടുണ്ട്. ഇതും പരോൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സഹായിക്കുന്നതാണ്. പുതിയ നിർദ്ദേശങ്ങളനുസരിച്ച് ഒരു കലണ്ടർ വർഷത്തിൽ ഒരു തടവുകാരന് എല്ലാത്തരത്തിലുള്ള പരോളും കൂടി 4 പ്രാവശ്യം അനുവദിക്കുന്നതിന് നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുറന്ന ജയിലിലെ തടവുകാർക്ക് 5 പ്രാവശ്യമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. |
| (ബി) ജയിൽ ഉപദേശക സമിതികൾ ശുപാർശ ചെയ്ത എത്ര തടവുകാരെ മോചിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ; | (ബി)ജയിൽ ഉപദേശക സമിതികളുടെ ശുപാർശകൾ പരിശോധിച്ചു വരുന്നു. |
| (സി) തിരുവനന്തപുരം സെൻട്രൽ ജയിൽ സന്ദർശന വേളയിൽ ആഭ്യന്തരവകുപ്പ് മന്ത്രി ബ്ളോക്കുകളിൽ നിന്നും സെല്ലുകളിൽ നിന്നും സ്വീകരിച്ച ഹർജികൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ; വിശദമാക്കാമോ ? | (സി)പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ